# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.944 01.03.2017 ൽ മറുപടിക്ക്**

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ്: | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നെൽകൃഷിയുടെ 70 ശതമാനവും ഉൾക്കൊള്ളുന്ന തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് പദ്ധതി നടപ്പിലാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ 331 കുളങ്ങൾ ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇവയിൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ 20 കുളങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ കാർഷിക-കുടിവെള്ള ജലസ്രോതസ്സുകൾ പൂർണ്ണമായും കടലിലേക്ക് ഒഴുകുന്നത് തടയുവാൻ മണ്ഡലത്തിലെ വിവിധ തോടുകളിലും പുഴകളിലും തടയണകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പി ലാക്കാമോ? | (ബി) | പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ പാറാട്ടിക്കടവ് ചെക്ക് ഡാം, തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ ബെഞ്ചാലി ചെക്ക് ഡാം എന്നിവയുള്ള പ്രൊപ്പോസലുകൾ നിലവിലുണ്ട്. കൂടാതെ ഉപ്പുവെള്ള പ്രതിരോധ ത്തിനായി പരപ്പനങ്ങാടി നഗര സഭയിലെ ന്യൂ കട്ടിന് കുറുകെ ലോക്കിന്റെ നിർമ്മാണത്തിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ